ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ശ്രീ. വർക്കല കഹാർ പറഞ്ഞതുപോലെ, എൻ. കൃഷ്ണപിള്ളയെ മലയാളത്തിന് ഒരിക്കലും മറക്കാൻ കഴിയില്ല. നാടകം, നിരൂപണം, സ്മരണകൾ എന്നീ സാഹിത്യവിഭാഗങ്ങളിൽ അതുല്യമായ സംഭാവന നൽകിയ പ്രതിഭാധനനാണ് എൻ. കൃഷ്ണപിള്ള. സ്ത്രീകരണമുറിയെ ജീവിത നാടകവേദിയാക്കി മാറ്റിയ നോർവീജിയൻ നാടകകൃത്തായ ഇബ്സന്റെ നാടകങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള എൻ. കൃഷ്ണപിള്ളയുടെ രചനകൾക്ക് കേന്ദ്ര, കേരള സാഹിത്യ അക്കാഡമി അവാർഡുകളും ഓടക്കുഴൽ അവാർഡ്, വയലാർ പുരസ്കാരം, കേരള ഗവൺമെന്റ് പുരസ്കാരം, അക്കാഡമി വിശിഷ്ട അംഗത്തിനുള്ള പുരസ്കാരം തുടങ്ങിയവയും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണ് വരുന്നത്. അദ്ദേഹം ജനിച്ചത് വർക്കലയിലുള്ള ചെമ്മരുതിയിലാണ്. മെമ്പർ ആവശ്യപ്പെട്ടതു പോലെ കേരള സാഹിത്യ അക്കാഡമി മുൻകയ്യെടുത്തുകൊണ്ട് അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾ നടത്താൻ നിർദ്ദേശം നൽകുന്നതാണ്. സ്മാരകം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. മെമ്പർക്കൂടി സഹകരിക്കുകയാണെങ്കിൽ ഗവൺമെന്റ് അത് ഗൗരവമായി ആലോചിക്കുന്നതാണ്.

(13) ശ്രീ. കെ. ജയചന്ദ്രനെ നാട്ടിൽ എത്തിക്കുന്നതിന് നടപടി

(ഈ വിഷയത്തിൽ ശ്രീ. വി. ടി. ബൽറാം എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീമതി കെ. കെ. ലതിക : സർ, എന്റെ നാട്ടുകാരനും എഴുത്തുകാരനുമായ ശ്രീ. കെ. ജയചന്ദ്രൻ മൊകേരി കഴിഞ്ഞ ഒമ്പത് മാസമായി മാലിദ്വീപിൽ തടങ്കലിൽ കഴിയുകയാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ. ശ്രീ. കെ. ജയചന്ദ്രൻ നിരപരാധിയാണെന്ന് കുട്ടികളുടെ രക്ഷിതാക്കൾതന്നെ അധികൃതരെ രേഖാമൂലം അറിയിച്ചിട്ടും അദ്ദേഹത്തെ മോചിപ്പിക്കാൻ മാലി സർക്കാർ തയ്യാറായിട്ടില്ല. നിരപരാധിയായ ഒരു മലയാളി ഇത്രയും കാലം വിദേശത്തുള്ള ജയിലിൽ കഴിയുന്നുവെന്നത് നമ്മുടെ മനഃസാക്ഷിക്ക് കളങ്കം ചാർത്തുന്ന ഒന്നാണ്. പ്രായമായ അമ്മയും ഭാര്യയും രണ്ട് കുഞ്ഞുങ്ങളുമടങ്ങുന്ന കുടുംബമാണ് ശ്രീ. ജയചന്ദ്രന്റേത്. ഇവരുടെ നിസ്സഹായത കേരളത്തിന്റെ മൊത്തം നിസ്സഹായതയാണ്. കേരളത്തിന്റെ പ്രബുദ്ധമായ പാരമ്പര്യത്തിന്റെ പ്രതിനിധിയാണ് ജയചന്ദ്രൻ. നമ്മുടെ അയൽ രാജ്യത്തെ കുഞ്ഞുങ്ങൾക്ക് അറിവിന്റെ അക്ഷരവെളിച്ചം പകർന്നുനൽകിയ

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകൻ കൂടിയായ ജയചന്ദ്രൻ ഏകാന്തമായ കാരാഗൃഹത്തിന്റെ ഇരുട്ടറയിൽ കഴിയുന്നതും നാം നമ്മുടെ നിസ്സംഗതയുടെ സുഷുപ്തിക്കുള്ളിൽ കഴിയുന്നതും വരുംകാലം പൊറുക്കില്ല. മാലിക്ക് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ സഹായം നൽകുന്ന നമ്മുടെ നാടാണ്. ഇത്തരമൊരവസ്ഥയിൽ ജയചന്ദ്രനെ മോചിപ്പിക്കാൻ ആവശ്യമായ ഇടപെടൽ അടിയന്തരമായി നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീമതി കെ. കെ. ലതിക എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ മാലിദ്വീപിൽ അദ്ധ്യാപകനായി ജോലിനോക്കിയിരുന്ന ശ്രീ. കെ. ജയചന്ദ്രൻ ക്ലാസ്റൂമിലുണ്ടായ പ്രശ്നത്തിന്റെ പേരിൽ 5-4-2014 മുതൽ ജയിൽവാസം അനുഭവിക്കുകയാണ്. അദ്ദേഹത്തെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ജ്യോതി ജയചന്ദ്രൻ, ശ്രീ. എം. കെ. രാഘവൻ എം.പി. മുഖേന ഒരു നിവേദനം നൽകിയിരുന്നു. അതുപോലെ, ശ്രീമതി കെ. കെ. ലതിക, ശ്രീ. ഇ. കെ. വിജയൻ, ശ്രീ. സി. കെ. നാണു, ശ്രീ. വി. റ്റി. ബൽറാം എന്നീ എം.എൽ.എ-മാരും ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. മാലിയിലെ ഇന്ത്യൻ ഹൈകമ്മീഷനുമായി ബന്ധപ്പെടുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. തീർച്ചയായും ഈ സംഭവത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. അതുപോലെ പാർലമെന്റ് അംഗങ്ങൾ ഇക്കാര്യം കേന്ദ്രഗവൺമെന്റിനെയും അറിയിച്ചിട്ടുണ്ട്. ഇത് വളരെ ഗൗരവമായ ഒരു വിഷയമാണ്. ഹൈ കമ്മീഷന്റെ കത്തിൽ പറയുന്നത് ".....This Mission is taking up the issue of his release strongly with the concerned authorities. Further while, our back channel with concerned authorities might result in positive outcome. It is heard that, the more media coverage would be detrimental to the release of Sri. Jayachandran....." എന്നാണ്. ഇത് മാലിയിലെ നിയമപ്രശ്നമാണ്. അധികമായി വാർത്തകളിൽ ഇത് സ്ഥാനം പിടിക്കുന്നത് ആ റിലീസിന് തടസ്സമുണ്ടാക്കുമെന്നാണ് ഹൈക്കമാന്റ് അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് ദയവായി മാധ്യമ വാർത്തയെക്കാൾ അദ്ദേഹത്തിന്റെ റിലീസിന് മുൻഗണന കൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്. എല്ലാ അർത്ഥത്തിലും മെമ്പർ പറഞ്ഞകാര്യം ഗൗരവമായെടുത്ത് നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly